പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 908 — 30/11/2018 ൽ മറുപടിക്ക്

## പ്രളയ ദുരിതത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം

ചോദ്യം — മറുപടി

ശ്രീ. **ആർ. രാജേഷ്**: — അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | പ്രളയ ദുരിതത്തിൽ താറാവ്, കോഴി, കന്നുകാലികൾ തുടങ്ങിയവ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മൃഗസംരക്ഷണവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | പ്രളയ ദുരിതത്തിൽ താറാവ്, കോഴി, കന്നുകാലികൾ തുടങ്ങിയവ നഷ്ടപ്പെട്ടതിന്റെ കണക്ക് പഞ്ചായത്ത് തലത്തിൽ എടുത്ത് ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും ക്രോഡീകരിച്ച് ദുരന്തനിവാരണ മാനദണ്ഡപ്രകാരം ധനസഹായം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | പ്രസ്തുത വ്യക്തികൾക്ക് പുതിയവയെ വിതരണം ചെയ്യുന്നതിന് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. |
| (സി) | മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ എത്ര കർഷകർക്ക് ഇത്തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | 542 |
| ഡി) | ഇവരുടെ അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | മാവേലിക്കര നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളിൽ അർഹതപ്പെട്ട കർഷകരെ കണ്ടെത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുമായി ബന്ധപ്പെട്ട ഫീൽഡ്തല വെരിഫിക്കേഷൻ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ